Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

21.07.2025

## ജൂബിലിയിൽ കൗമാരക്കാരുടെ സ്വഭാവവൈകല്യങ്ങളെക്കുറിച്ചുള്ള മെഡിക്കൽ കോൺഫറൻസ് സംഘടിപ്പിച്ചു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കൗമാരപ്രായക്കാരുടെ സ്വഭാവവൈകല്യങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി മെഡിക്കൽ കോൺഫറൻസ് സംഘടിപ്പിച്ചു. ഔപചാരിക ഉദ്ഘാടനം കേരള ആരോഗ്യസർവ്വകലാശാല റിസേർച്ച് ഡീൻ ഡോ. കെ. എസ്. ഷാജി നിർവ്വഹിച്ചു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, സൈക്യാട്രി പ്രൊഫസർ എമിരിറ്റസ് ഡോ. ജെയിംസ് ടി. ആന്റണി, സൈക്യാട്രി വിഭാഗം മേധാവി ഡോ. നീതി വത്സൻ, അസി. പ്രൊഫസർ ഡോ. ജോമി ചക്കാലകുടി എന്നിവർ സന്നിഹിതരായിരുന്നു. കൗമാരക്കാരിലെ സ്വഭാവവൈകല്യങ്ങൾ, ആത്മഹത്യാപ്രവണത, അക്രമവാസന, സ്കൂളിൽ പോകാനുള്ള വിമുഖത എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് ക്ലാസുകൾ നടന്നു. കാരക്കോണം മെഡിക്കൽ കോളേജിലെ പ്രൊഫസർ ഡോ. അനിൽ പ്രഭാകരൻ, കൊച്ചിയിലെ പീജെയ്സ് ന്യൂറോസെന്ററിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. ഫിലിപ്പ് ജോൺ, കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് പുന്നൂസ്, തിരുവനന്തപുരം –മെന്റൽ ഹെൽത്ത് സെന്ററിലെ സീനയർ സൈക്യാട്രിസ്റ്റ് ഡോ. ഇന്ദു വി. നായർ, പുതുച്ചേരി ജിപമറിലെ ഡോ. വികാസ് മേനോൻ എന്നിവർ ക്ലാസുകൾ നയിച്ചു.